പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3869

15.03.2017 - ൽ മറുപടിക്ക്.

## കുപ്പിവെള്ള ഫാക്ടറികൾ

ചോദ്യം
ശ്രീ. മുല്ലക്കര രത്നാകരൻ.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര കുപ്പിവെള്ള ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ ; | (എ) : കെ.എസ്.ഐ.ഡി.സി എന്ന സർക്കാർ നിയന്ത്രണ പൊതുമേഖല സ്ഥാപനത്തിന്റെ കീഴിൽ ഹില്ലി അക്വ എന്ന ഒരു കുപ്പിവെള്ള ഫാക്ടറി തൊടുപുഴയിൽ ഉണ്ട്. മറ്റ് ഫാക്ടറികളെക്കുറിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | കുപ്പിവെള്ള ഫാക്ടറികൾ ആരംഭിക്കുന്നതിന് അനുവാദം നൽകുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (ബി) : ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർമ്മാണത്തിനുള്ള അനുമതി, മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, ഫയർ ആൻഡ് സേഫ്റ്റി വകുപ്പ്, ജില്ല മെഡിക്കൽ ഓഫീസ് എന്നിവയുടെ നിരാക്ഷേപ സാക്ഷ്യപത്രം, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ്, ഫുഡ് ആൻഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ഓഫ് ഇൻഡ്യ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ, സെയിൽ ടാക്സ് വകുപ്പിന്റെ രജിസ്ട്രേഷൻ, ജലസ്രോതസ്സുകളിൽനിന്നും ജലമെടുക്കുന്നതിനുള്ള ജലവിഭവ വകുപ്പിന്റെ അനുമതി തുടങ്ങിയ മാനദണ്ഡങ്ങളാണ് കുപ്പിവെള്ള ഫാക്ടറികൾ തുടങ്ങുന്നതിന് നിഷ്കർഷിച്ചിട്ടുള്ളത്. |
| (സി) | വരൾച്ച പരിഗണിച്ച് പുതിയ ഫാക്ടറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (സി) : ഇല്ല. |
| (ഡി) | പുതിയ ഫാക്ടറികൾക്ക് അനുമതി തേടിയുള്ള അപേക്ഷകൾ നിലവിലുണ്ടോ, വ്യക്തമാക്കാമോ ? | (ഡി) : ഇല്ല. |

സെക്ഷൻ ഓഫീസർ.